കെ.എസ്.എ.കെ.ടി.എം പി.13/1/2016 തീയതി-14.01.2016

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2013 - 14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.10.2014 മുതൽ 30.11.2015 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ്

റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ. വർഗ്ഗീസ് ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	10.12.2015 മുതൽ 22.12.2015 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീമതി ബീനാകുമാരി സി.ആർ. , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) ശ്രീമതി ലേഖ വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ ശ്രീ. സുനിൽകുമാർ ജി., ഓഡിറ്റർ ശ്രീ. യോഗേഷ് ആർ. , ഓഡിറ്റർ

ബി) നിർവഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ. ജോൺ ജോസഫ്, 01.04.13 മുതൽ 31.03.14 വരെ
വൈസ് പ്രസിഡന്റ്	ശ്രീമതി മേഴ്സി മാത്യു , 01.04.13 മുതൽ 23.02.14 വരെ ശ്രീമതി നിർമ്മലാ മനോജ്കുമാർ, 24.02.14 മുതൽ 31.03.14 വരെ
സെക്രട്ടറി	ശ്രീ.ടി.ജി.ശിവദാസൻനായർ, 01.04.13മുതൽ 02.07.13 വരെ ശ്രീ.വി.ജി.ജയകുമാർ , 04.07.13 മുതൽ 3.2.14 വരെ ശ്രീ. മുഹമ്മദ് റഫീബ് ടി.എസ്. (4.2.14 മുത 31.3.14) സെക്രട്ടറി ഇൻ ചാർജ്

നിർവഹണോദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
അസി.എഞ്ചിനീയർ	ശ്രീ.ജോഷി ജോസഫ് ശ്രീ. എം.റഹീം	01.04.13 മുതൽ16.07.13 വരെ

		17.07.13മുതൽ 31.03.14 വരെ
മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	ഡോ.ജോർജ്ജ് മാത്യു	01.04.13 മുതൽ 31.03.14 വരെ
കൃഷി ഓഫീസർ	ശ്രീമതി. അമ്പിളി വി.എൽ.	01.04.13 മുതൽ 31.03.14 വരെ
വെറ്ററിനറി സർജൻ	ഡോ.അജയ് കുരുവിള	01.04.13 മുതൽ 31.03.14 വരെ
ഐ.സി.ഡി എസ് സൂപ്പർവൈസർ	ശ്രീമതി.ജസ്സമ്മ കെ. വർഗ്ഗീസ്	01.04.13 മുതൽ 31.03.14 വരെ
വി.ഇ.ഒ	ശ്രീ.സിയാദ് വി.എ.	01.04.13 മുതൽ 31.03.14 വരെ
ഹെഡ്മാസ്റ്റർ	ശ്രീ. പി.വി. രാജു	01.04.13 മുതൽ 31.03.14 വരെ
ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	ശ്രീമതി ഉദയകല	01.04.13 മുതൽ 31.03.14 വരെ

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിട്ടുള്ള വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്

ഭാഗം 1 : പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദേശങ്ങളും

ഭാഗം 2 : വരവ് കണക്കുകളുടെ ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവിനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ , ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ

ഭാഗം 3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധ പത്രികകൾ

ഓഡിറ്റ് ചെയ്ത

1. ബാലൻസ് ഷീറ്റ്
2. റെസീപ്റ്റ് & പേമെന്റ് അക്കൗണ്ട്
3. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഭാഗം -1

പൊതു അവലോകനം

പൊതു അവലോകനം

1-1 ബജറ്റ്

2013-14 വർഷത്തെ ബജറ്റ് 27.3.13 തിയതിയിലെ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2014	17.06.2014	-	-

വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

- സ്ഥിരനിക്ഷേപ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ബി 12 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. 14-15 വർഷം ടി അപാകത പരിഹരിച്ചിട്ടുണ്ട്.
- ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തിരികെ വരിച്ച 10000 രൂപ recovery from Employees (RP 10)എന്ന ഹെഡ്ഡിൽ തെറ്റായി ഉൾപ്പെടുത്തിയതിനാൽ ബി 18 ഷെഡ്യൂളിൽ 10000 രൂപ ലഭിക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു.യഥാർത്ഥത്തിൽ ടി ഇനത്തിൽ തുക ലഭിക്കുവാൻ ഇല്ല.
- ലേല ഡെപ്പോസിറ്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനങ്ങളിൽ നാളിതുവരെ ലഭ്യമായ തുകകൾ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.
- ലേല വരവുകൾ പൂർണ്ണമായും അതാത് ഹെഡ്ഡിൽ വരവ് ചേർക്കുന്നില്ല. ഇ.എം.ഡി.ഒഴിച്ചുള്ള തുകയാണ് ലേല വരവായി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ടി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2013-14	14.08.14	എൽ..എഫ്.കെ.പി.14/ജി.പി.14/ 31.12.14

1-4 സാമ്പത്തിക വിശകലനം

രസീത് & പേമെന്റ് പത്രിക പ്രകാരം

മുന്നിരിപ്പ്	17000982
വരവ്	50390597
ആകെ	67391579
ചെലവ്	53803474
നീക്കിയിരിപ്പ്	13588105

(സ്ഥിരനിക്ഷേപത്തിന്റെ തുക ഒഴിവാക്കിയാണ് വരവുചെലവ് കണക്കുകൾ ചേർത്തിരിക്കുന്നത്)

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാ

						നം
വികസനഫണ്ട് പൊതുവിഭാഗം	233811	8280000	8513811	8266218	247593	97
വികസനഫണ്ട് എസ്.സി.പി.	4321985	7634000	11955985	9892816	2063169	83
വികസനഫണ്ട് ടി.എസ്.പി.	521700	363000	884700	325577	559123	37
സംരക്ഷണഗ്രാന്റ് റോഡ്	1259697	6582000	7841697	7841697	0	100
സംരക്ഷണഗ്രാന്റ് നോൺറോഡ്	789805	1864000	2653805	1801898	851907	68
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	208558	3558135	3766693	3412498	354195	90
പെർഫോമൻസ് ഗ്രാന്റ്	2003260	1899000	3902260	3166566	735694	81
എം.എൻ.ആർ.ഇ.	29742	8834436	8864178	8862933	1245	99.86

ജി.എസ്.						
ബി ഫണ്ട്	0	6725524	6725524	6725524	0	100

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം
181	45074061	145	35604738	30	6	80.11

പദ്ധതി ആസൂത്രണം, നിർവ്വഹണം , മോണിട്ടറിംഗ്

12-ാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷമായ 2013-14 ൽ 55 സ്പിൽ ഓവർ പദ്ധതികളും 142 പുതിയ പദ്ധതികളും ഉൾപ്പെടെ 181 പ്രോജക്കുകളാണ് ആവിഷ്ക്കരിച്ചിരുന്നത്. 2012-13 ലെ ദ്വിവർഷ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകരിച്ച പദ്ധതി നിർദ്ദേശങ്ങൾക്ക് ആവശ്യമായ ഭേദഗതികളോടെ DPC No. 812/13/DPC/DPO/KTM Dt.17.05.14 പ്രകാരം ഡി.പി.സി. അന്തിമഅംഗീകാരവും ലഭിച്ചിട്ടുണ്ട്.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 13 വർക്കിംഗ് ഗ്രൂപ്പുകൾ 23.07.13 ൽ യോഗം ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.ടി പദ്ധതി നിർദ്ദേശങ്ങൾ 24.07.13മുതൽ 30.07.13 വരെ ചേർന്ന ഗ്രാമസഭായോഗങ്ങളും 18.12.13 ലെ വികസനസെമിനാറും അംഗീകരിച്ചിട്ടുണ്ട്.

തൻവർഷം സ്പിൽ ഓവർ ഉൾപ്പെടെ ആവിഷ്ക്കരിച്ച 181 പ്രോജക്ടുകളിൽ155 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. 26 പ്രോജക്ടുകൾ നടപ്പാക്കിയില്ല. വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ 97% ഉം എസ്.സി.പി. വിഭാഗത്തിൽ 83% ഉം തൻവർഷം ചെലവഴിച്ചിട്ടുണ്ട്.ടി.എസ്.പി. വിഭാഗത്തിൽ 37% ഉം ആണ് ചെലവഴിച്ചിട്ടുള്ളത്.

അതാത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർമാനും നിർവ്വഹണ ഉദ്യോഗസ്ഥരും ഉൾപ്പെട്ട മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് പല പ്രോജക്ടുകൾക്കും ഇല്ല.

നേട്ടങ്ങൾ.

1.2013-14 വർഷം വിഭാവനം ചെയ്ത പ്രോജക്ടുകളിൽ 85% നടപ്പിലാക്കാൻ സാധിച്ചു.

2.മെയിന്ററനൻസ് ഫണ്ട്(റോഡ്) 88% (എൻ.ആർ.ഇ.ജി.എസ്. ചെലവ് ഒഴിവാക്കിയാൽ) വിനിയോഗിക്കാൻ കഴിഞ്ഞു.

3.വാർഷികപദ്ധതി അടങ്കൽ തുകയിൽ നിന്നും 79% ചെലവഴിക്കാൻ സാധിച്ചു.

4.ഉല്പാദന മേഖലയിൽ ആടുവളർത്തൽ,കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്,ക്ഷീരകർഷകർക്ക് കാലിത്തീറ്റ ഇൻസന്റീവ്,മുട്ടക്കോഴി വിതരണം മത്സ്യ കൃഷി,ഫലവൃക്ഷതൈവിതരണം എന്നീ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

കോട്ടങ്ങൾ.

1.ടി.എസ്.പി. വിഭാഗത്തിൽ 36.8% തുക മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്.

2.വാർഷിക പദ്ധതി വിഹിതത്തിൽ തനത്ഫണ്ടിൽ നിന്നും വകയിരുത്തിയ തുകയിൽ നിന്നും 10.4% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപന ത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 24.09% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. (ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള വരവും പരിഗണിക്കേണ്ടതാണ്.)

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	1530077	1656469	126392	+8.26
നികുതിയേതര വരവുകൾ	579476	1052112	472636	+81.56
മറ്റുവരവുകൾ	221595	184220	37375	-16.86
ആകെ	2331148	2892801	561653	+24.09

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	72480	104
കർഷകതൊഴിലാളി പെൻഷൻ	1094440	230
വിധവാപെൻഷൻ	3134581	365
വാർദ്ധക്യകാലപെൻഷൻ	1063272	175
വികലാംഗപെൻഷൻ	1255633	176
50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	105118	13

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.12.2015 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17970 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും ഫയലുകൾ സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശുഷ്കാന്തി പുലർത്തുന്നില്ല. സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള പ്രോജക്ടുകളുടെ ഫയലുകൾ കൃത്യമായും പൂർണ്ണമായും സൂക്ഷിക്കുന്നില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടേതുൾപ്പെടെ സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഓഫീസ് ഓർഡർ ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ പ്രവർത്തനം തൃപ്തികരമാണ്. വിമുക്ത ഭടന്മാർക്ക് വസ്തുനികുതി ഇളവു ചെയ്യുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററോ ഫയലോ സൂക്ഷിക്കുന്നില്ല. വേക്കൻസി റെമിഷനുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി, ജനനമരണം, വിവാഹം എന്നീ സെക്ഷനുകൾ കംപ്യൂട്ടർ വല്ക്കരിച്ചിട്ടുണ്ട്. വാർഷികപദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകളുടെ നടത്തിപ്പ് സംബന്ധിച്ച അവലോകനം നടത്തുന്നതിനും പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും മോണിട്ടറിങ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. എങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമല്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	23.11.2015	10/2015	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	21.07.2003-5.08.2003	1997-98-2002-03	8.10.2003

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വസ്തുനികുതി

വിമുക്തഭടന്മാരുടെ വസ്തുനികുതി ഇളവുമായി ബന്ധപ്പെട്ട രേഖകൾ എഴുതി സൂക്ഷിക്കുന്നില്ല.

തൻവർഷം വസ്തുനികുതി ഇളവ് ലഭിച്ച വിമുക്തഭടന്മാരിൽ നിന്നും ഏപ്രിൽ 10 നു മുൻപ് അപേക്ഷകൾ ലഭിച്ചതായി കാണുന്നില്ല. കൂടാതെ ഇത് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ജി.ഒ. (എം.എസ്.)242/2013 ത.സ്വ.ഭ.വ. 02.07.13 ലെനിബന്ധനകൾ

പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്താതെ വസ്തുനികുതി ഇളവു നൽകിയത് ക്രമപ്രകാരമല്ല. വസ്തുനികുതി ഇളവു ലഭിച്ച വിമുക്തഭടന്മാരിൽ നിന്നും നിയമാനുസൃത അപേക്ഷകൾ സ്വീകരിക്കുന്നതിനും സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-2 ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി,ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. ഏതാനും സംഘങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

i) കൊന്നക്കുളം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം.157(ഡി) ആപ്കോസ്

ii) ചാരുവേലി ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം.154(ഡി) ആപ്കോസ്

iii) ആലപ്ര ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം.203(ഡി) ആപ്കോസ്

ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ ക്ഷീരോല്പാദക സഹകരണ സംഘങ്ങളേയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവന്ന് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-3 വാടക

1. ഡെപ്പോസിറ്റ് തുകകൾ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

പഞ്ചായത്ത് വക നിലവിലുള്ള 25 മുറികളിൽ 24 മുറികളും വാടകയ്ക്ക് നൽകിയതായി രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. വാടകക്കാരനെ ഒഴിപ്പിച്ചതുമായി ബന്ധപ്പെട്ട് കേസ് നിലവിലുള്ളതിനാൽ പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സിലെ ഒമ്പതാം നമ്പർ മുറി വാടകയ്ക്ക് നൽകിയിട്ടില്ല. വാടകയ്ക്ക് നൽകിയ മുറികളിൽ നിന്നും ലേല ഡെപ്പോസിറ്റ് , സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനങ്ങളിൽ ലഭിച്ചിട്ടുള്ള തുകകളുടെ യാതൊരു വിവരങ്ങളും ഫയലിലോ രജിസ്റ്ററിലോ വാർഷിക കണക്കുകളിലോ ലഭ്യമല്ല. വാടകക്കാരിൽ നിന്നും ഡെപ്പോസിറ്റ് തുകകൾ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ കൃത്യമായ കണക്കുകൾ രജിസ്റ്ററിലും വാർഷിക കണക്കുകളിലും ഉൾപ്പെടുത്തേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

2-4 ലേലം

പ്രാഥമിക ആരോഗ്യകേന്ദ്രം - പഴയ കെട്ടിടം പൊളിച്ചുമാറ്റി സൈറ്റ് ക്ളിയർ ചെയ്തത് - വാറ്റ് ഈടാക്കിയതിൽ കുറവ്

മണിമല പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പഴയ കെട്ടിടം പൊളിച്ചുമാറ്റി സൈറ്റ് ക്ളിയർ ചെയ്യുന്നതിന് ശ്രീ. ഫൈസൽ, നൈനാൻകുന്നേൽ, ഈരാറ്റുപേട്ട എന്ന വ്യക്തിയുടെ 136666 രൂപയുടെ ക്വട്ടേഷൻ തൻവർഷം അംഗീകരിച്ചതായി കാണുന്നു. എന്നാൽ ടി വരവു തുകയിൽ 134016 രൂപ മാത്രമാണ് ലേല വരവായി വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 2650 ടി ഹെഡിൽ വരവു ചേർത്തിട്ടില്ല. ഇ.എം.ഡി. ഇനത്തിൽ ലഭിച്ച 2650 രൂപ ലേലവരവായി 2014-15 ൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത്. കൂടാതെ, വാറ്റ് 4% നിരക്കിൽ 5740 രൂപയാണ് ഈടാക്കിയിട്ടുള്ളത്. 12.5 % നിരക്കിൽ 17083 രൂപയാണ് വാറ്റ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്നത്. വാറ്റ് ഇനത്തിൽ കുറവ് വന്ന 11343 രൂപ ഈടാക്കി വാണിജ്യനികുതി വകുപ്പിൽ ഒടുക്കു വരുത്തേണ്ടതാണ്.

2-5 ഡി ആന്റ് ഒ ട്രേഡ് ലൈസൻസ്-യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി ഫീസ് ഈടാക്കിയില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് പട്ടിക 3 പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാം. എന്നാൽ താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി ഫീസ് ഈടാക്കിയതായി കാണുന്നില്ല.

ലൈസൻസിയുടെ വിവരം	ലൈസൻസിന്റെ ആവശ്യം	ഉപയോഗിക്കുന്ന കുതിരശക്തി (മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം പ്രകാരം)	ഈടാക്കിയ ലൈസൻസ് ഫീസ്/ രസീത് നം.	ഈടാക്കേണ്ട ഫീസ്	കുറവ്
ജോസി ജോസഫ്, തെക്കേക്കര, കറിക്കാട്ടൂർ.പി.ഒ	കരിങ്കല്ല് പൊടിച്ച് ക്രഷർ യൂണിറ്റ് നടത്തുന്നതിന്	170	500 11303100202/ 30.04.13	2000	1500

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറി നം.6 ന് മറുപടിയായി കുറവ് വന്ന തുക ഈടാക്കുന്നതിന് അപേക്ഷകന് നോട്ടീസ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ കുറവ് വന്ന 1500 രൂപ അപേക്ഷകനിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2-6 പൂർണ്ണമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഇല്ലാതെ ലൈസൻസ് അനുവദിക്കുന്നു

2013-14 വർഷം ചില സ്ഥാപനങ്ങൾക്ക് പൂർണ്ണമായ നിരാക്ഷേപ സാക്ഷ്യപത്രമില്ലാതെ ഡി & ഒ ലൈസൻസ് അനുവദിച്ചതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലൈസൻസിയുടെ വിവരം	ലൈസൻസിന്റെ ആവശ്യം	അപാകത
ജോസിജോസഫ്, തെക്കേക്കര, കരിക്കാട്ടൂർ.പി.ഒ	പാറമട നടത്തുന്നതിന്	മൈനിംഗ് &ജിയോളജി വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി എന്നിവയുടെ കാലാവധി 10.12.13 വരെ മാത്രം.
കെ ആർ വിനോദ്, കല്ലം മാക്കൽ, ഏറത്തുവടകര.പി.ഒ	പാറപൊട്ടിക്കൽ	മൈനിംഗ് &ജിയോളജി വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി എന്നിവയുടെ കാലാവധി 10.12.13 വരെ മാത്രം.

വി.എം. ശശിധരൻ നായർ ഏറത്തുപാലത്ത്, മണിമല.പി.ഒ	പാറപൊട്ടിക്കൽ	മൈനിംഗ് & ജിയോളജി വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ കാലാവധി 04.06.13 വരെ മാത്രം.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറി നം 7 ന് മറുപടിയായി ടി അപാകതകൾ ആവർത്തിക്കാതിരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഡി ആന്റ് ഒ ട്രേഡ് ലൈസൻസിനായി അപേക്ഷ ലഭിക്കുമ്പോൾ അവശ്യം വേണ്ട നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഉണ്ടോ എന്ന് ഉറപ്പാക്കേണ്ടതും ലൈസൻസിന്റെ കാലയളവ് കഴിയുന്നത് വരെ സാക്ഷ്യപത്രങ്ങൾക്ക് കാലാവധി ഉണ്ടോ എന്ന് ശ്രദ്ധിക്കേണ്ടതുമാണ്.

2-7 ഡി & ഒ ലൈസൻസ് - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2013-14 വർഷം ശ്രീ.ജോസി ജോസഫ്,തെക്കേക്കര,കരിക്കാട്ടൂർ എന്ന വ്യക്തിക്ക് പാറമട നടത്തുന്നതിന് 1000 രൂപയും മെറ്റൽ ക്രഷർ യൂണിറ്റ് നടത്തുന്നതിന് 500 രൂപയും ഫീസ് ചുമത്തി ലൈസൻസ് അനുവദിച്ചിട്ടുണ്ട്.പ്രസ്തുത അപേക്ഷകളിൽ ഒരുദിവസത്തെ ശരാശരി വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല.എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റുകളിൽ പാറമടയുടെ മൂലധന നിക്ഷേപം 38 ലക്ഷം രൂപയെന്നും മെറ്റൽ ക്രഷർ യൂണിറ്റിന്റേത് 1.5 കോടി രൂപയെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്രയും

മൂലധന നിക്ഷേപമുള്ള താരതമ്യേന വലിയ സ്ഥാപനങ്ങൾക്ക് കുറഞ്ഞ ലൈസൻസ് ഫീസ് ചുമത്തുക വഴി പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നുണ്ട്.ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ഉയർന്ന ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്.

2. വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാതെ ലൈസൻസിനായി സമീപിക്കുന്നവർക്ക് മാത്രം ലൈസൻസ് നൽകുന്ന രീതിയാണ് ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ചുവരുന്നത്. ആയതിനാൽ എല്ലാസ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുവാൻ കഴിയുന്നില്ല

3. മിക്ക അപേക്ഷകളിലും ഒരുദിവസത്തെ ശരാശരി വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. എല്ലാ അപേക്ഷകളിലും കൃത്യമായി ഫീൽഡ് തല അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിട്ടില്ല.

4. ഡിആന്റ്ഒ ട്രേഡ് ലൈസൻസ് രജിസ്റ്ററിൽ അപേക്ഷ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല.മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പളകുടിശിക അർഹതയില്ലാത്ത കാലയളവിലേയ്ക്ക് നൽകിയത് സംബന്ധിച്ച്

ജി.ഒ.(പി) 145/06/ധനം/25.3.06 പ്രകാരം ശമ്പളം പരിഷ്കരിക്കുമ്പോൾ കുടിശിക ശമ്പളത്തിന് അർഹത 1.4.05 മുതൽ മാത്രമാണ്. 1.7.04 മുതൽ 31.3.05 വരെ കുടിശികയ്ക്ക് അർഹതയില്ല. എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി 30.4.05 ൽ സർവീസിൽ നിന്ന് വിരമിച്ച യു.ഡി.ക്ലർക്ക് ശ്രീമതി എ.കെ. സരോജത്തിന്റെ 7/2004 മുതൽ 4/2005 വരെയുള്ള ശമ്പളപരിഷ്കരണ കുടിശികയായ 50109 രൂപ വൗച്ചർ നമ്പർ 21300586/23.12.13 പ്രകാരം (ചെക്ക് നമ്പർ 3942/23.12.13) പഞ്ചായത്ത് ഫണ്ടിൽ നിന്ന് പിൻവലിച്ച് നൽകിയിട്ടുണ്ട്. ശ്രീമതി എ.കെ.സരോജത്തിന് 7/04 മുതൽ 3/05 വരെയുള്ള കാലയളവിലെ ശമ്പളകുടിശികയിനത്തിൽ ടി വൗച്ചർ പ്രകാരം 45082 രൂപ നൽകിയിട്ടുണ്ട്. 1.4.05 ൽ അർഹമായ 8% ക്ഷാമബത്തയിലും കൂടിയ നിരക്കിലാണ് ക്ഷാമബത്ത അനുവദിച്ചു നൽകിയിട്ടുള്ളത്. കൂടാതെ വീട്ടുവാടകബത്ത ഉയർന്ന നിരക്കിന് (150 രൂപ) 3/06 മുതൽ മാത്രമാണ് പ്രാബല്യമുള്ളത്. കൂടാതെ 1.4.05 മുതൽ 30.4.05 വരെ നൽകിയ കുടിശികയിൽ ഡി.എ., വീട്ടുവാടകബത്ത എന്നിവ അധികം നൽകിയിട്ടുള്ളതായി കാണുന്നു. 4/05 ൽ അധികം നൽകിയ കുടിശികയുടെ വിവരം ചുവടെ ചേർക്കും പ്രകാരം കണക്കാക്കുന്നു.

അർഹമായത്				അനുവദിച്ചത്			
കാലയളവ്	അടിസ്ഥാന ശമ്പളം	ഡി.എ	എച്ച്.ആർ.എ	അടിസ്ഥാനശമ്പളം	ഡി.എ	എച്ച്.ആർ.എ	അധികം നൽകിയത്
4/05	7320	586	150	7320	4319	150	3733

31.3.05 വരെ അധികം നൽകിയ ശമ്പളം 45082 രൂപയും 4/05 ൽ അധികം നൽകിയ 3783 രൂപയും ഉൾപ്പെടെ 48865 രൂപ അധികം നൽകിയിട്ടുണ്ട്. അനധികൃതമായി തുക പിൻവലിച്ച് ചെലവ് ചെയ്ത സെക്രട്ടറിയുടെ നടപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ അധികം ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ശ്രീമതി സരോജത്തിൽ നിന്ന് ഈടാക്കേണ്ടതും അല്ലാത്തപക്ഷം ടി കുടിശിക ബിൽ പരിശോധിച്ച് സമർപ്പിച്ച ഹെഡ്ക്ലർക്ക് ഷീബമോൾ കെ.എം, ചെലവ് അംഗീകരിച്ച സെക്രട്ടറി ശ്രീ. വി.ജി. ജയകുമാർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുകയോ ചെയ്യേണ്ടതാണ്.

3-2 വിലാസിനിക്കുന്ന് കുടിവെള്ള പദ്ധതി - ലക്ഷങ്ങൾ ചെലവഴിച്ചിട്ടും നാളിതുവരെ പ്രവർത്തനക്ഷമമമായിട്ടില്ല.

2008-09 സാമ്പത്തിക വർഷം ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെ ആരംഭിച്ച പദ്ധതിയാണ് വിലാസിനിക്കുന്ന് കുടിവെള്ള പദ്ധതി.ജില്ലാപഞ്ചായത്ത് വിഹിതമായി 402674 രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 400,000 രൂപയും ഗ്രാമപഞ്ചായത്ത് തനത്ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്നു.കുഴൽ കിണർ നിർമ്മാണത്തിനായി 44,000 രൂപ ഭൂഗർഭജലവകുപ്പിലും ,പ്രവൃത്തി ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കുന്നതിനായി 381150 രൂപ വാട്ടർ അതോറിറ്റിയിലും നിക്ഷേപിച്ചിരുന്നു. വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിന് വേണ്ടി തൻവർഷം 35150 രൂപ വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ പദ്ധതി പ്രദേശം നേരിട്ടു സന്ദർശിച്ചതിൽ (19.12.15) നാളിതുവരെ ടി പദ്ധതിയിൽ നിന്നും ജലവിതരണം നടത്തിയിട്ടില്ല എന്ന് പ്രദേശവാസികൾ അറിയിച്ചു. 25000 ലിറ്റർ സംഭരണശേഷിയുള്ള ടാങ്ക് സ്ഥാപിച്ചിട്ടുണ്ടെങ്കിലും വിതരണലൈനിൽ കുടിവെള്ള മെത്തിക്കുന്നതിനുള്ള ടാപ്പുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല.നാളിതുവരെ പദ്ധതിയ്ക്കായി 460300 രൂപ

ചെലവഴിച്ചിട്ടുണ്ട്. ടാങ്കിന് ചെറിയ ചോർച്ചയുണ്ടെന്ന് എക്സിറ്റ് കോൺഫറൻസിൽ പഞ്ചായത്ത് അംഗങ്ങൾ അറിയിച്ചിരുന്നു. ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയിൽ 342,374 രൂപ ഇനിയും ചെലവഴിയ്ക്കാതെ അവശേഷിക്കുന്നു.

എല്ലാ വർഷവും വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ടി പ്രദേശത്ത് പദ്ധതി പ്രവർത്തനക്ഷമമാക്കി കുടിവെള്ളം എത്തിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

3-3 മത്സ്യ കൃഷി എന്ന പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം.180/14

വികസനഫണ്ട് (പൊതുവിഭാഗം) 10000 രൂപ
മറ്റുള്ളവ- 10000 രൂപ
മൊത്തം അടങ്കൽ 20000 രൂപ

ചെലവ് -20,000 രൂപ
10,000 ഡി.ഡി.നം.97219 തീ.29.03.14

10,000 ഡി.ഡി.നം.972190 തീ.31.03.14
നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി
മത്സ്യകൃഷി എന്ന പ്രോജക്ടിന്റെ ഭാഗമായി മത്സ്യത്തിനുള്ള 350 കി.ഗ്രാം.തീററ വാങ്ങിയതിനും,ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിലും മത്സ്യഫെഡ് കോട്ടയം ഡിസ്ട്രിക്ട് ഓഫീസ്, വൈക്കം എന്ന സ്ഥാപനത്തിന്റെ പേർക്ക് 20,000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ മത്സ്യത്തിനായി വാങ്ങിയ തീററ ഏതു ഗുണഭോക്താക്കൾക്കാണ് വിതരണം ചെയ്തതെന്ന് വ്യക്തമല്ല. ആയതിന് ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട്

ഓഡിറ്റ് എൻകചയറി നൽകിയിരുന്നുവെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഇൗ പ്രോജക്ടിനായി ചെലവഴിച്ച 20,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-4 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2013-14 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട്നം.,പ്രോജക്ടിന്റെ പേര്	ഡെപ്പോസിറ്റ് ചെയ്ത തുക,ഡി.ഡി.നം.	ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം
1.	153/13-14,വളകൊടിചതുപ്പ് അങ്കണവാടിയും സാംസ്കാരിക നിലയവും	10,00,000 ഡി.ഡി.നം.972666 തീ.3.4.14	സിഡ്കോ,ചീഫ് എഞ്ചിനീയർ ,കേരള സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്,തിരുവനന്തപുരം
2.	154/14,പൊന്തൻപുഴ കമ്മ്യൂണിറ്റി ഹാൾ	20,00,000 ഡി.ഡി.നം.950140 തീ.8.11.2013	മാനേജിംഗ് ഡയറക്ടർ,ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്

3.	151/14,ഹാൻഡ് പമ്പ് സ്ഥാപിക്കൽ പ്രയാറ്റുപടി,വാഴകുന്നത്ത്പടി കുഴൽ കിണർ	64680 ഡി.ഡി.നം.950153 തീ.8.11.2013	ഡിസ്ട്രിക്ട് ഓഫീസർ,ഭൂഗർഭ ജലവകുപ്പ്,കോട്ടയം
	ആകെ	30,64,680	

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച 30,64,680 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-5 കറിക്കാട്ടൂർ വനിതാ തൊഴിൽ പരിശീലന കേന്ദ്രം - രേഖാമൂലം കൈമാറിയിട്ടില്ലാത്ത കെട്ടിടം മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2012-13 വർഷം പ്രത്യേക ഘടക പദ്ധതിയിലുൾപ്പെടുത്തി കറിക്കാട്ടൂരിൽ വനിതാ തൊഴിൽ പരിശീലനകേന്ദ്രം നിർമിക്കുന്നതിന് ഇരുപത് ലക്ഷം രൂപ സിഡ്കോയിൽ നിക്ഷേപിച്ചിരുന്നു. ടി കെട്ടിടത്തിന്റെ നിർമ്മാണം ഏകദേശം പൂർത്തീകരിച്ചുവെങ്കിലും രേഖാമൂലം പഞ്ചായത്തിന് നാളിതുവരെ തിരികെ കൈമാറിയിട്ടില്ല. ഓഡിറ്റ് ടീം ഭൗതിക പരിശോധന നടത്തിയതിൽ കെട്ടിട നിർമ്മാണം ഏകദേശം പൂർത്തീകരിച്ചതായും ടി കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ഖാദി ബോർഡിന്റെ ഒരു യൂണിറ്റ് പ്രവർത്തിച്ചു വരുന്നതായും കാണുവാൻ കഴിഞ്ഞു. പ്രത്യേക ഘടക പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച ടി കെട്ടിടം മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23) നൽകിയ മറുപടിയിൽ നിന്നും പഞ്ചായത്ത് ഭരണസമിതിയുടെയോ, ജീവനക്കാരുടെയോ അനുവാദത്തോടെയോ അല്ല മുറി കൈമാറിയതെന്ന് വ്യക്തമാകുന്നു. കൂടാതെ കെട്ടിടം പണി പൂർത്തീകരിച്ച് രേഖാമൂലം പഞ്ചായത്തിന് കൈമാറിയിട്ടില്ലെന്നും വ്യക്തമാക്കിയിരിക്കുന്നു. ടി വിഷയം

അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിന് 17.12.15 ൽ കൂടിയ കമ്മറ്റിയിൽ ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തിയതായും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് വക കെട്ടിടം അനധികൃതമായി കൈയേറിയ ഖാദി യൂണിറ്റ് ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ സ്ഥലം രേഖാമൂലം കൈപ്പറ്റി നിർദ്ദിഷ്ട ആവശ്യത്തിന് വിനിയോഗിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

3-6 കുഴൽ കിണർ നിർമ്മാണം - പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല – തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. 184/13-14

ടി പ്രോജക്ട് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കുഴൽ കിണർ നിർമ്മാണത്തിന് 519376 രൂപ(ഡി.ഡി.നം.950139/8.11.2013) തൻവർഷം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ്, ഏതൊക്കെ വാർഡുകളിലാണ് കുഴൽകിണറുകൾ കുഴിച്ചതെന്ന വിവരം, തുക അടച്ചതിന്റെ വിശദാംശങ്ങൾ, പൂർത്തീകരണ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട് . കുഴിച്ച ചില കിണറുകളിൽ ജലം ലഭ്യമല്ല എന്നാണ് വാർഡ് മെമ്പർമാർ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചത്.വിനിയോഗ/ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കുന്നതു വരെ 519376 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-7 ഇ.എം.എസ്. ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഇ.എം.എസ്. ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ക്രമനം	പേരും വിലാസവും	തവണ നം.	തുക
1	സരോജിനി പൂവത്തുങ്കൽ പഴയിടം	1 2 3	22500 30000 15000
2	മോളി ജേക്കബ് കാരക്കാട്ടുപറമ്പിൽ കരിക്കാട്ടൂർ.പി.ഒ	1 2 3	22500 30000 15000
3	കെ.എസ്.വിജയൻ കാവുങ്കൽ മുക്കട.പി.ഒ	1 2	30000 40000
4	സരോജിനി ചാരുവിളപുത്തൻവീട് ആലപ്ര.പി.ഒ	1 2 3	22500 30000 15000
5	പീതാംബരൻ വെള്ളൂപുരയിടം	1	22500

	പുലിക്കല്ല്		
6	ബിന്ദു മധു മുട്ടത്ത്പറമ്പിൽ കരിക്കാട്ടൂർ.പി.ഒ	1 2	22500 30000
7	സിന്ധു സന്തോഷ് വെട്ടുവേലി മുക്കട പി.ഒ	1 2 3	30000 40000 20000

ഇത് സംബന്ധിച്ച് സ്ഥല പരിശോധന നടത്തിയതിൽ ശ്രീ.പീതാംബരൻ(ക്രമനം. 5) വീടുപണിയുന്നതിനുള്ള യാതൊരു നടപടികളും നാളിതുവരെ ചെയ്തതായി കണ്ടില്ല. ശ്രീ.കെ.എസ് വിജയൻ(ക്രമനം. 3) 2 ഗഡു തുക കൈപ്പറ്റിയെങ്കിലും തറയുടെ പണി തുടങ്ങുക മാത്രമാണ് ആകെ ചെയ്തിട്ടുള്ളത്. ടി ഗുണഭോക്താക്കൾക്ക് വീട് പണി പൂർത്തിയാക്കുവാൻ സാധിക്കാത്ത പക്ഷം ഇവർക്ക് നൽകിയിട്ടുള്ള തുക പലിശ സഹിതം തിരിച്ചുപിടിക്കേണ്ടതും അവശേഷിക്കുന്ന ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3-8 ഭവനനിർമ്മാണം - (പട്ടികജാതി വിഭാഗം) -ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം. 105/14

നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ

2013-14 വർഷത്തെ ഭവനനിർമ്മാണം - പട്ടികജാതി വിഭാഗം പ്രോജക്ടിൽ ഉൾപ്പെടുത്തി ധനസഹായം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

ക്രമനം	പേരും വിലാസവും	തവണ നം.	തുക	ഡി.ഡിനം. തീയതി
1	ബിജുമോൻ.കെ.കെ & ജിനു കഞ്ഞിത്തോട്,മുക്കട.പി.ഒ	1 2 3	20000 60000 60000	950503/20.11.13 377686/27.08.14 326719/17.12.14
2	വിജയൻ സാബു തട്ടുങ്കൽ പതിപ്പരമ്പിൽ മുക്കട.പി.ഒ	1 2	20000 60000	637371/25.01.14 972526/31.03.14

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.9 ന് മറുപടിയായി ടി ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് തുടർ ഗഡുക്കൾ അനുവദിക്കുന്നതിന് വേണ്ടി സ്പിൽ ഓവറായി പദ്ധതി തുടരുന്നുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ ഗുണഭോക്താക്കൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി വീട് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-9 പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2013-14 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയ്ക്കായി (എസ്.155/13-14) വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 187500 രൂപ പിൻവലിച്ച് കാഷ്ഷീഡ് സബ്സിഡി അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട് (ഡി.ഡി.നം.972105 തീയതി 29.03.2014). പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

3-10 പാലിയേറ്റിവ് കെയർ-അപാകതകൾ

ജി.ഒ.(എം.എസ്.)228/12 തീയതി 23.08.12 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കലെങ്കിലും കൂടി തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ഈ പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച വിഷയങ്ങളിൽ യഥാസമയം തീരുമാനമെടുക്കേണ്ടതുമാണ്. കൂടാതെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തദ്ദേശഭരണ സ്ഥാപനത്തിൽ വെച്ച് മാസം തോറും അവലോകനയോഗങ്ങൾ നടത്തേണ്ടതുമാണ്. എന്നാൽ പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ് ബുക്ക് പ്രകാരം 2013-14 വർഷം 30.11.2013 ൽ ആകെ ഒരു പ്രാവശ്യം മാത്രമാണ് കമ്മിറ്റി കൂടിയിട്ടുള്ളത്. മാത്രമല്ല തൻവർഷം ഗ്രാമപഞ്ചായത്തിൽ വെച്ച് അവലോകനയോഗങ്ങൾ ചേർന്നതായി രേഖപ്പെടുത്തിയിട്ടുമില്ല.ആയതിനാൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ ചേരേണ്ടതും എല്ലാ മാസവും അവലോകനയോഗങ്ങൾ നടത്തേണ്ടതുമാണ്.

3-11 മുച്ചക്ര വാഹനവിതരണം - ലൈസൻസ് ലഭ്യമാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി 360000/- രൂപ അടങ്കലിൽ നടപ്പിലാക്കിയ പ്രോജക്ടാണ് 'വികലാംഗർക്ക് മുച്ചക്രസ്കൂട്ടർ' (പ്രോജക്ട് നം. S13/2013-14). ഇതിലേക്കായി 5 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും വികസന ഫണ്ട് (പൊതുവിഭാഗം) - ൽ നിന്നും ഒരാൾക്ക് 71200/- രൂപ വീതം ആകെ 356000/- രൂപ ചെലവഴിച്ച് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നൽകിയിട്ടുണ്ട്. (ഡി.ഡി. നം.971497 തീയതി. 24/03/14). പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു. ഇതിൽ നാലു ഗുണഭോക്താക്കൾ സ്കൂട്ടർ കൈപ്പറ്റിയെങ്കിലും ലൈസൻസ് നേടിയിട്ടില്ല. ഇതിൽ മുച്ചക്രവാഹനം കൈപ്പറ്റിയ ലൈസൻസ് ലഭ്യമാക്കാത്ത 4 ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പേരും അഡ്രസ്സും	വാർഡ്
1	വി.സി. ചന്ദ്രദാസ്, വട്ടക്കുന്നേൽ	8
2	ഇബ്രാഹിംകുട്ടി.എം.എച്ച്, മുണ്ടപ്ളാക്കൽ	11
3	ലീലാമണി, പാറക്കൽ	1
4	ചന്ദ്രൻ.കെ.എസ്, കല്ലംമ്മാക്കൽ	8

4 ഗുണഭോക്താക്കളുടെ ലൈസൻസ് നാളിതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവായ 284800/- രൂപ (4x71200) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-12 ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി 50000/- രൂപ അടങ്കലിൽ നടപ്പിലാക്കിയ പ്രോജക്ടാണ് 'ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകൽ' (പ്രോജക്ട് നം. S12/2013-14). ഇതിനായി പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 49893/- രൂപ തൻവർഷം ചെലവഴിക്കുകയുണ്ടായി.(ഡി.ഡി. നം. 971498 തീ. 24/03/14). പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു. ആകെ 14 ഗുണഭോക്താക്കൾ ഉള്ളതിൽ ശ്രീ.കുഞ്ഞുമോൻ.റ്റി.എസ്, ശ്രീ.സന്തോഷ് എന്നീ 2 ഗുണഭോക്താക്കളുടെ അപേക്ഷ, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. കൂടാതെ ശ്രീ.കുഞ്ഞുമോൻ.റ്റി.എസ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമാണ്. ഒരു വാക്കിംഗ് സ്റ്റിക്ക്, ഒരു സർജിക്കൽ ഷൂ എന്നിവ നാളിതുവരെ വിതരണം ചെയ്തിട്ടില്ല. ഉപകരണങ്ങൾ വാങ്ങിയത് സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇൻവോയ്സ് നം./ തീയതി	ഉപകരണത്തിന്റെ ഇനം	നിരക്ക്	തുക
1	PR/43/13-14 തീ. 30/01/14	വികലാംഗർക്കുള്ള സർജിക്കൽ ജെന്റ്സ് ഹാഫ് ഷൂ	600	600
2	,,	വാക്കിംഗ് സ്റ്റിക്ക്	202	202
		ആകെ		802

വിതരണം ചെയ്യാതെ അവശേഷിക്കുന്ന ഉപകരണങ്ങൾ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതാണ്.

3-13 പൂരകപോഷകാഹാര പരിപാടി

പഞ്ചായത്തിൽ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന 26 അംഗൻവാടികളിലായി ഏകദേശം 250 കുട്ടികൾ ഉണ്ട്. 23 എണ്ണം സ്വന്തം കെട്ടിടത്തിലും 2 എണ്ണം സ്കൂൾ കെട്ടിടത്തിലും ഒരെണ്ണം വാടകക്കെട്ടിടത്തിലും പ്രവർത്തിച്ചു വരുന്നു. രണ്ടെണ്ണത്തിൽ മാത്രം പാചകവാതക കണക്ഷൻ ലഭിച്ചിട്ടില്ല. 2013-14 വർഷം വിവിധ പ്രോജക്ടുകളിലായി തുക ചെലവഴിച്ച് പൂരകപോഷകാഹാരപരിപാടി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	വകയിരുത്തിയ തുക	ചെലവ്	ഫണ്ടിനം
എസ് 07/14	504903	504903	പൊതുവിഭാഗം (സാധാരണ) 32373 രൂപ 13-ാം ധനകാര്യകമ്മീഷൻ 472530 രൂപ
എസ് 08/14	400000	400000	എസ്.സി.പി.
എസ് 09/14	42240	42240	ടി.എസ്.പി.

ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായാണോ ഓരോ വിഭാഗത്തിലും തുക

വകയിരുത്തിയിട്ടുള്ളത് എന്നത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല. പൂരകപോഷകാഹാര പരിപാടിക്ക് ലഭിച്ചതും വിനിയോഗിച്ചതുമായ കേന്ദ്രവിഹിതത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

2013-14 മുന്നിരുപ്പ്	1223018
വരവ്	303671
ആകെ	1526689
ചെലവ്	ഇല്ല
നീക്കിയിരുപ്പ്	1526689

ടി തുക തനത് ഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. 2012-13, 2013-14 വർഷങ്ങളിൽ ഇൗ കേന്ദ്ര വിഹിതം നിർദിഷ്ട ആവശ്യത്തിനായി വകയിരുത്തുകയോ, ചെലവഴിക്കുകയോ ചെയ്തിട്ടില്ല. ചെലവഴിക്കാതെ തനത്ഫണ്ടിൽ അവശേഷിക്കുന്ന കേന്ദ്രവിഹിതം അംഗൻവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി വിനിയോഗിക്കേണ്ടതാണ്. കൂടാതെ എല്ലാ വർഷവും ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ് തുക വകയിരുത്തിയിരിക്കുന്നതെന്ന് അധികൃതർ ഉറപ്പാക്കേണ്ടതാണ്.

3-14 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ - സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല, ഗുണഭോക്തൃലിസ്റ്റ് ഒപ്പിട്ട് പാസ്സാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു

അടങ്കൽ - 50000

ചെലവ് - 43189

ഡി.ഡി. നം.950630 തീയതി.23.11.2013

(എസ്.ബി.റ്റി. പൊൻകുന്നം)

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കപ്പെട്ട 'പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ' (പ്രോജക്ട് നം. 139/2013-14) എന്ന പ്രോജക്ടിന്റെ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ അപേക്ഷ, ഫർണ്ണീച്ചർ സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 10/10/2013 – ൽ കൂടിയ ഊരുകൂട്ടം മിനിട്സിൽ എസ്.റ്റി പ്രമോട്ടർ മാത്രമാണ് ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. ഊരുകൂട്ടം മൂപ്പനോ വാർഡ് മെമ്പറോ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഫർണ്ണീച്ചർ വിതരണം നടത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ 11 - ◌ാം നമ്പർ എൻകായറിക്ക് വിദ്യാർത്ഥികളുടെ അപേക്ഷ, സ്റ്റോക്ക് രജിസ്റ്റർ ഇവ ഹാജരാക്കാമെന്ന് മറുപടി ലഭിച്ചിരുന്നുവെങ്കിലും ഇവ ഹാജരാക്കിയില്ല. ആയതിനാൽ ടി പ്രോജക്ടിന് ചെലവഴിച്ച 43189- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-15 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2013-14 വർഷം മണിമല ഗ്രാമപഞ്ചായത്തിലെ 2355 പേർക്ക് തൊഴിൽകാർഡ് നൽകി. പഞ്ചായത്തിലെ 15 വാർഡുകളിലായി 182 അയൽക്കൂട്ടങ്ങൾ ഉള്ളത് പൂർണ്ണമായും പദ്ധതിയുമായി സഹകരിച്ചു. ലേബർ ബഡ്ജറ്റ് പ്രകാരം 112 പ്രവർത്തികൾ വിഭാവനം

ചെയ്യുകയും സാങ്കേതിക അനുമതി ലഭിക്കുകയും ചെയ്തതിൽ 106 എണ്ണം പൂർത്തിയാക്കി. 1075 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. 46472 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 70 കുടുംബങ്ങൾക്ക് 100 ദിനം തൊഴിൽ ലഭിച്ചു. പദ്ധതി പ്രകാരമുള്ള വരവ് ചെലവ് കണക്ക് താഴെ ചേർക്കുന്നു.

മുന്നിരുപ്പ് - 29742

വരവ് - 8832876

പലിശ വരവ് - 1560

ആകെ - 8864178

ചെലവ് - 8862933

നീക്കിയിരുപ്പ് - 1245

3-16 സംസ്ഥാനതല വിഷയാധിഷ്ഠിത അവലോകനം-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം

സിംഗിൾ എൻട്രി സിസ്റ്റത്തിൽ നിന്നും തികച്ചും വിഭിന്നമായി അക്രുവൽ രീതിയിൽ വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്ന രീതിയാണ് സാംഖ്യ സോഫ്റ്റ് വെയറിലൂടെ ചെയ്യുന്നത്. 01.04.2011മുതൽ ത്രിതല പഞ്ചായത്തുകൾ നിർബന്ധമായും അക്കൗണ്ടിംഗ് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് സോഫ്റ്റ്‌വെയറായ സാംഖ്യ മുഖേനയായിരിക്കണമെന്ന് ജി.ഒ (എം.എസ്) 308/2010/ ത.സ്വ.ഭ.വ /23.12.2010 നമ്പർ ഉത്തരവു പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നെങ്കിലും മണിമല ഗ്രാമപഞ്ചായത്തിൽ സാംഖ്യ മുഖേനയുള്ള അക്കൗണ്ടിങ്ങ് നിലവിൽ വന്നത്

01.02.2013 ൽ മാത്രമാണ്.സാംഖ്യ സോഫ്റ്റ് വെയറിന്റേയും മറ്റ് സോഫ്റ്റ് വെയറുകളുടേയും സുഗമമായ പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിൽ വിന്യസിച്ചിട്ടുള്ള ഉപകരണങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനങ്ങൾ	എണ്ണം	വാങ്ങിയ വർഷം /എണ്ണം	റിമാർക്സ്
കമ്പ്യൂട്ടർ	16	2008- 3 എണ്ണം 2011- 3എണ്ണം 2013- 2എണ്ണം 2014- 3എണ്ണം 2015- 5എണ്ണം	2 എണ്ണം നിലവിൽ ഉപയോഗപ്രദമല്ല.
സെർവർ	2	2008-1 2015-1	
യു.പി.എസ്	2	2008	
പ്രിന്റർ	5	2011-1 2013-1 2015-3	

കൂടാതെ 3 ലാപ് ടോപ്പുകൾ വാങ്ങിയിട്ടുള്ളത് പ്രസിഡന്റിനും സെക്രട്ടറിക്കും അസിസ്റ്റന്റ് എഞ്ചിനിയർക്കുമാണ് നൽകിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.07.2012 ലെ ജി.ഒ (എം.എസ്) നം 1838/12നമ്പർ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം ഐ.കെ.എം. സ്പെസിഫിക്കേഷനോടുകൂടിയുള്ള കമ്പ്യൂട്ടറുകളാണ് വാങ്ങിയിട്ടുള്ളത്.

കമ്പ്യൂട്ടർ ഹാർഡ് വെയറുകൾ സംബന്ധിച്ച വിവരങ്ങൾ മുഴുവനും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പൊതുവായിട്ടുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ലഭിച്ച കമ്പ്യൂട്ടറുകളുടെ എണ്ണം രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. ചെലവഴിച്ച തുക,ഫണ്ട് തരം എന്നിവ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമല്ല. സോഫ്റ്റ് വെയറുകൾ സംബന്ധിച്ച് ഒരു വിവരവും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. സർക്കുലർ നം.86/10/ഫിൻ തീ.24.09.2010 പ്രകാരം കംപ്യൂട്ടർ സോഫ്റ്റ് വെയർ/ഹാർഡ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ തയ്യറാക്കി സൂക്ഷിക്കേണ്ടതാണ്.

സോഫ്റ്റ് വെയറിന്റെ പേര്	പഞ്ചായത്തിൽ വിന്യസിച്ച തീയതി	ഏത് മേഖലയുമായി ബന്ധപ്പെട്ടത്	സോഫ്റ്റ് വെയർ ഉപയോഗപ്രദമാകുന്നുണ്ടോ?
സാംഖ്യ	01.02.2013	അക്കൗണ്ടിംഗ്	ഉണ്ട്
സുലേഖ	04.08.2008	പദ്ധതി നിർവ്വഹണം	ഉണ്ട്
സൂചിക	01.02.2013	ഫ്രണ്ട് ഓഫീസ്	ഉണ്ട്
സേവന	07.06.2009	സാമൂഹ്യ സുരക്ഷ പെൻഷൻ	ഉണ്ട്

സഞ്ചയ	ലഭ്യമല്ല	വസ്തുനികുതി	ഉണ്ട് (സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല)
സ്ഥാപന	20.12.2008	ജീവനക്കാര്യം	ഉണ്ട് (സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല)
സചിത്ര	ലഭ്യമല്ല	ആസ്തികൾ സംബന്ധിച്ച്	ഉണ്ട് (സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല)

ഇതിൽ പല സോഫ്റ്റ് വെയറുകളും സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ അവകൊണ്ട് വേണ്ട പ്രയോജനം നിലവിൽ ലഭിക്കുന്നില്ല. ഉദാഹരണമായി സഞ്ചയ സോഫ്റ്റ് വെയർ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾക്ക് രജിസ്റ്ററുകളെ തന്നെ ആശ്രയിക്കേണ്ടിവരുന്നു.

സാംഖ്യ നടപ്പിലാക്കുന്നതിന് തൊട്ടുമുമ്പ് വരെയുള്ള ട്രഷറി -ബാങ്ക് റിക്കൺസിലിയേഷൻ നടത്തിയിട്ടാണ് സാംഖ്യ ഇൻസ്റ്റാൾ ചെയ്തത്. ഓപ്പണിംഗ് ബാലൻസ്ഷീറ്റ് തയ്യാറാക്കിയപ്പോൾ ഫെസ്റ്റിവൽ അഡ്വാൻസ്, കോൺട്രാക്ടേഴ്സ് ഇ.എം.ഡി. എന്നിവയിൽ അപാകത ഉണ്ടായിരുന്നെങ്കിലും പിന്നീട് അവ പരിഹരിച്ചു. കൂടാതെ സചിത്ര സോഫ്റ്റ്വെയറിലെ ഡാറ്റാ എൻട്രി പൂർണ്ണമാവാത്തതിനാൽ ആസ്തികളുടെ മൂല്യം കൃത്യമായി ഉറപ്പുവരുത്തിയല്ല ഓപ്പണിംഗ് ബാലൻസ്ഷീറ്റ് തയ്യാറാക്കിയിരുന്നത് .

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരിൽ സെക്രട്ടറി,അസിസ്റ്റന്റ് സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർക്ക് 4 ദിവസം വീതവും ടെക്നിക്കൽ അസിസ്റ്റന്റിന് 12 ദിവസവും സാംഖ്യയിൽ പരിശീലനം ലഭിച്ചു. ക്ലർക്കുമാരിൽ ഒരാൾക്കുമാത്രമേ പരിശീലനം ലഭിച്ചിട്ടുള്ളു.പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് സംബന്ധിച്ച സൂചിക സോഫ്റ്റ് വെയറിൽ

പരിശീലനം ലഭിച്ച ജീവനക്കാരാണ് രസീതി കൊടുക്കുന്നത്. ഇവർക്ക് സാംഖ്യയിൽ ഉൾപ്പെട്ട എല്ലാ സോഫ്റ്റ് വെയറുകളുടേയും ആധികാരിക പരിശീലനം ലഭിച്ചിട്ടില്ല. സാംഖ്യ നടപ്പാക്കിയ സമയത്ത് ഫ്രണ്ട് ഓഫീസിൽ രസീതി നൽകുമ്പോൾ ഹെഡ് മാറി പോസ്റ്റ് ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ വളരെ അപൂർവ്വമായി മാത്രമേ ഹെഡ്ഡ് മാറി രസീത് അടിക്കാറുള്ളു.

ഗ്രാമപഞ്ചായത്തിൽ സാംഖ്യ രസീതി സ്റ്റേഷനറി ലഭിക്കുന്നത് കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ട്. തപാലുകൾ സ്വീകരിക്കുന്നതിന് നീല നിറത്തിലുള്ള സ്റ്റേഷനറിയും പണം സ്വീകരിക്കുന്നതിന് പിങ്ക് നിറത്തിലുള്ള സ്റ്റേഷനറിയുമാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. ഓരോ ദിവസവും വിതരണം ചെയ്യുന്ന സ്റ്റേഷനറി കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി ഫ്രണ്ട് ഓഫീസ് ചാർജുള്ളയാൾ അവ ഒപ്പിട്ട് കൈപ്പറ്റുകയും ബാക്കിയുള്ളത് അടുത്ത ദിവസം ഫ്രണ്ട് ഓഫിസീൽ ഡ്യൂട്ടിയുള്ള ഉദ്യോഗസ്ഥന് കൈമാറുകയും ചെയ്യുന്നുണ്ട്. ക്യാൻസൽ ചെയ്യുന്ന രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. കൂടാതെ സാംഖ്യ നടപ്പാക്കിയ ഉത്തരവിൽ വിവരിച്ച പ്രകാരം ആവശ്യമായ രേഖകളുടെ പ്രിന്റെടുത്ത് സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

സെക്രട്ടറി ,അക്കൗണ്ടന്റിനോ മറ്റ് കീഴ് ജീവനക്കാർക്കോ തന്റെ ലോഗ് ഇൻ പാസ് വേർഡ് നൽകി വൗച്ചർ അംഗീകരിക്കുന്നതിനുള്ള അധികാരം നൽകിയിട്ടില്ല.സാംഖ്യ നടപ്പാക്കിയ ശേഷം ഗ്രാമപഞ്ചായത്തിൽ ഏതെങ്കിലും തരത്തിലുള്ള ധനാപഹരണം നടന്നിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വകുപ്പിന് സാംഖ്യയിൽ പ്രത്യേകം ലോഗിൻ ഏർപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങളുടെ രജിസ്റ്ററിലെ രേഖപ്പെടുത്തലും അക്കൗണ്ട്സും തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ സ്ഥിരനിക്ഷപം ഉണ്ടെങ്കിലും 12-13,13-14 വർഷങ്ങളിൽ ഇത് സംബന്ധിച്ച B-12 ഷെഡ്യൂൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരുന്നില്ല. 14-15 വർഷം പ്രസ്തുത ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 13-14 വർഷം ഫെസ്റ്റിവൽ അഡ്വാൻസിലുള്ള വരവ് 10000 രൂപ RP-10 ൽ Recovery from Employees എന്ന ഹെഡ്ഡിലാണ് ഉൾപ്പടുത്തിയിരിക്കുന്നത്. കൂടാതെ വാടക ഇനത്തിലുള്ള ഡെപ്പോസിറ്റ് തുകകളൊന്നും ഇതുവരെ സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

സാംഖ്യ സോഫ്റ്റ്‌വെയർ മുഖേനയുള്ള അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ ഓരോ വർഷത്തെയും വരവ്, ചെലവ്, മുന്നിരിപ്പ് നീക്കിയിരുപ്പ് എന്നിവ എളുപ്പത്തിൽ അറിയുവാൻ സാധിക്കുന്നു. സാംഖ്യ വഴിയുള്ള അക്കൗണ്ടിങ്ങിലൂടെ കണക്കുകളുടെ കൃത്യത വർദ്ധിക്കുകയും ധനാപഹരണത്തിനുള്ള സാധ്യത കുറയുകയും ചെയ്തിട്ടുണ്ട്. കൂടാതെ വാർഷിക ധനകാര്യപത്രിക വേഗത്തിൽ തയ്യാറാക്കുവാനും സാധിക്കുന്നുണ്ട്. സാമ്പത്തിക വർഷം അവസാനിച്ച ഉടനെ ആകെ ഡിമാന്റ് ചെയ്തതിൽ, ബാക്കി ലഭിക്കാനുള്ള നികുതി എത്രയുണ്ടെന്ന് കൃത്യമായി അറിയുവാൻ കഴിയുന്നു.സാംഖ്യ നടപ്പാക്കിയതിനുശേഷം നികുതി അടവ്, സർട്ടിഫിക്കറ്റ് വിതരണം എന്നിവ കൂടുതൽ എളുപ്പമായെന്ന് ജീവനക്കാർ അഭിപ്രായപ്പെടുന്നുണ്ട്.പല രജിസ്റ്ററുകളും തയ്യാറാക്കുന്നതിനുള്ള സമയനഷ്ടം ഒഴിവാക്കുവാൻ സാധിക്കുന്നുണ്ട്.

സാംഖ്യയിൽ ഓരോ വർഷം കഴിയുമ്പോൾ മൂലധനചെലവിനു വിനിയോഗിച്ച തുക എത്രയെന്ന് കണ്ടുപിടിച്ച് വിവരങ്ങൾ നൽകിയാൽ മാത്രമേ അവ ആസ്തിയായി മാറുന്നുള്ളു. പഞ്ചായത്തിന്റെ വരവുമായി ബന്ധപ്പെട്ട ഏകദേശം 110 അക്കൗണ്ട് ഹെഡ്ഡുകൾ ഫ്രണ്ട് ഓഫീസ് ക്ലർക്കിന്റെ കമ്പ്യൂട്ടറിൽ നിലവിൽ ലഭ്യമാണ്. ഇവയിൽ ഭൂരിഭാഗവും ഫ്രണ്ട് ഓഫീസിൽ ഉപയോഗിക്കുന്നവയല്ല. അക്കൗണ്ട് ഹെഡുകളുടെ ബാഹുല്യം വരവ് തുകകൾ തെറ്റായി പോസ്റ്റ് ചെയ്യുന്നതിന് ഇടയാക്കുന്നുണ്ട്. കൂടാതെ

ക്യാൻസൽഡ് രസീത് റിപ്പോർട്ടിൽ തീയതി ലഭ്യമല്ലാത്തതിനാൽ ക്യാൻസൽ ചെയ്തത് ഏതു ദിവസത്തെ രസീതാണെന്ന് പെട്ടെന്ന് അറിയുവാൻ ബുദ്ധിമുട്ടാണ്.

സാംഖ്യ മുഖേനയുള്ള ധനകാര്യപത്രികയിലൂടെ സാധാരണക്കാരായ പൊതുജനങ്ങൾക്ക് സ്ഥാപനത്തിന്റെ ധനസ്ഥിതിയും വരവു ചെലവുകളും എളുപ്പത്തിൽ മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. പഞ്ചായത്തിൽ വിന്യസിച്ചിരിക്കുന്ന എല്ലാ സോഫ്റ്റ് വെയറുകളും സാംഖ്യയുമായി ബന്ധിപ്പിച്ച് സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായത്തെ ഓൺലൈൻ സോഫ്റ്റ് വെയറാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കി

					യുള്ള തുക
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം	കുഴൽ കിണർ നിർമ്മാണം	ഡി.ഡി. നം 950139/8.11.13	519376		
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം	കുഴൽ കിണർ ഹാൻഡ് പമ്പ് സ്ഥാപിക്കൽ	ഡി.ഡി. നം. 950153/8.11.13	64680		
ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, ആലുവ	പൊന്തൻപുഴ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം	ഡി.ഡി. നം.950140/8.11.13	2000000		
സിഡ്കോ	വളകൊടി ചതുപ്പ് അംഗൻവാടി നിർമ്മാണം	ഡി.ഡി. നം.972666/3.4.14	1000000		

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും തന്നെ നൽകിയിട്ടില്ല.

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ. എം.എസ്. ഭവന വായ്പ	1317/2010/LSGD/ 16.04.10	15351000	1724947	800000	355554	924947

4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	56354
തൻവർഷം നിക്ഷേപിച്ച തുക	18994
ആകെ	75348

തന്നാണ്ടിൽ പിൻവലിച്ച തുക	-
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	75348

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

നിക്ഷേപത്തിന്റെ വിവരം	തുക
രസീത് നം. 3325/24.07.10 മണിമല സർവ്വീസ് സഹകരണ ബാങ്ക്	75348

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2000-01	1	2003-04	3-5-1	ജലസേചനപദ്ധ	-

2001-02 ജനകീയാ സൂത്രണം				തികളിൽ പാഴ്ചെലവ്	

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	67466927
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	53803474
വരവിനങ്ങളിലുള്ള നഷ്ടം	1500
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	48865
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	3932045

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും

	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
2.5	1500		ശ്രീ. ടി.ജി. ശിവദാസൻ നായർ, സെക്രട്ടറി
3.1		48865	ശ്രീ. വി.ജി.ജയകുമാർ, സെക്രട്ടറി ശ്രീമതി ഷീബാമോൾ കെ.എം., ഹെഡ് ക്ലർക്ക്
ആകെ	1500	48865	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3.3	20000	ശ്രീ. മുഹമ്മദ് റഖീബ് ടി.എസ്., സെക്രട്ടറി ഇൻ ചാർജ്ജ്
3.4	3064680	1000000 രൂപ ശ്രീ. മുഹമ്മദ് റഖീബ് ടി.എസ്., സെക്രട്ടറി ഇൻ ചാർജ്ജ്

		2064680 രൂപ ശ്രീ. വി.ജി. ജയകുമാർ, സെക്രട്ടറി
3.6	519376	ശ്രീ. ജോഷി ജോസഫ്, അസിസ്റ്റന്റ് എൻജിനിയർ
3.11	284800	ശ്രീമതി ഗീതാമോൾ സി, എെ.സി.ഡി.എസ്. സൂപ്പർവൈവസർ
3.14	43189	ശ്രീ. പി.വി.രാജു, ഹെഡ്മാസ്റ്റർ
ആകെ	3932045	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
2.4	11343	ശ്രീ. വി.ജി.ജയകുമാർ, സെക്രട്ടറി, മണിമല ഗ്രാമപഞ്ചായത്ത്

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.വി.ജി.ജയകുമാർ, സെക്രട്ടറി	സെക്രട്ടറി, മണിമല ഗ്രാമപഞ്ചായത്ത്	വരിക്കമൊാക്കൽ , ചെറുവള്ളി പി.ഒ.,
ശ്രീ.ടി.ജി. ശിവദാസൻ നായർ	വിരമിച്ചു	തച്ചനാട്ടിൽ, പേരൂർ പി.ഒ.
ശ്രീമതി ഷീബാമോൾ കെ.എം.	ജൂനിയർ സൂപ്രണ്ട്, വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്	തകിടിയേൽ, ഇടയിരിക്കപ്പുഴ പി.ഒ, കങ്ങഴ, കോട്ടയം.

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97വരവ്	എൽ.എഫ്.കെ.പി 13/922/അദാലത്ത് 14/28.11.14	1

1997-98 ചെലവ്	എൽ.എഫ്.കെ.പി 13/923/അദാലത്ത് 14/28.11.14	7
1997-98 വരവ്	എൽ.എഫ്.കെ.പി 9/1233/07/2.1.09	-
1998-99 ചെലവ്	എൽ.എഫ്.കെ.പി 13/527/അദാ./14/23.12.14	16
1998-99 വരവ്	എൽ.എഫ്.കെ.പി 13/572/അദാ./14/7.1.15	4
1999-00	എൽ.എഫ്.കെ.പി 13/653/ അദാ./14/7.1.15	22
2000-01 2001-02 പ്ലാൻ	എൽ.എഫ്.കെ.പി 13/1265(3)/ അദാ./14/23.2.15	14
2000-01	എൽ.എഫ്.കെ.പി 13/1265(1)/അദാ./14/7.1.15	10
2001-02	എൽ.എഫ്.കെ.പി 13/1265(2)/അദാ./14/7.1.15	6
2002-03	എൽ.എഫ്.കെ.പി 13/432/15/11.11.15	5
2003-04	എൽ.എഫ്.കെ.പി 13/433/15/11.11.15	9

2004-05	എൽ.എഫ്.കെ.പി 9/650/08/27.5.09/10.8.09	-
2005-06	എൽ.എഫ്.കെ.പി 13/434/15/11.11.15	7
2006-07	എൽ.എഫ്.കെ.പി 9/231/04/9.3.10	-
2007-08	എൽ.എഫ്.കെ.പി 13/590/12/27.6.12/7.8.12	-
2008-09	എൽ.എഫ്.കെ.പി 13/59/12/22.2.13/3.5.13	25
2009-10 2010-11	എൽ.എഫ്.കെ.പി 13/1582/14/30.10.15	20
2011-12	എൽ.എഫ്.കെ.പി 13/1697/2013/7.10.14/10.12.14	25
2012-13	എൽ.എഫ്.കെ.പി 13/523/15/8.6.15/7.7.15	14

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

അനുബന്ധം 1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മണിമല ഗ്രാമപഞ്ചായത്തിന്റെ 2013-14 ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-3 ൽ വിശദീകരിയ്ക്കുന്ന അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക മണിമല ഗ്രാമപഞ്ചായത്തിന്റെ 2013-14 ലെ വരവു-ചെലവുകണക്കുളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു.ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215ാം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് ഓഫീസ്, കോട്ടയം